ഫുട്ബോൾ, വോളിബോൾ തുടങ്ങിയ ഗെയിമുകളുടെ ഉന്നമനത്തിനായി സ്വീകരിക്കുന്ന നടപടി

19 (*705) ശ്രീ. യു. സി. രാമൻ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിക്കറ്റിനോടുള്ള അമിതമായ ഭ്രമം കാരണം ഹോക്കി, ഫുട്ബോൾ, വോളിബോൾ തുടങ്ങിയ ജനകീയമായ ഗെയിമുകൾ ഇന്ന് നേരിടുന്ന അവഗണന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഗെയിമുകളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി

20 (*706) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബർ ഇറക്കുമതി അനുവദിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇത് സംസ്ഥാനത്തെ റബ്ബർ കർഷകരെ എപ്രകാരം ബാധിക്കും എന്ന റിയിക്കാമോ ;

(സി) ഈ വിജ്ഞാപനം പിൻവലിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ സർവ്വകക്ഷി പ്രതിനിധി സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) അഡ്വാൻസ് ലൈസൻസിംഗിലൂടെ റബ്ബറിന് താരീഫ്രഹിത ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം നീക്കിക്കൊണ്ട് 2003 ജൂലൈ 3-ാം തീയതി കേന്ദ്രവിദേശവ്യാപാര ഡയറക്ടർ ജനറൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly